REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-07-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞ് ഘാന പാർലമെന്റിനെ അഭിസംബോധന ചെയ്യും. തുടർന്ന് അദ്ദേഹം അക്രയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും.**
- **മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോട്ടയം, എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ ഗവൺമെന്റ് പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ കോട്ടയത്ത് അവലോകന യോഗം പുരോഗമിക്കുന്നു.**
- **കേരള സർവകലാശാലാ രജിസ്ട്രാറെ, വൈസ് ചാൻസലർ സസ്‌പെന്റ് ചെയ്തത് ചട്ടവിരുദ്ധമാണെന്ന് മന്ത്രി V.ശിവൻകുട്ടി.**
- **സംസ്ഥാന വനമഹോത്സവം ഉച്ചകഴിഞ്ഞ് കോട്ടയത്ത് മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും.**
- **ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ടെസ്റ്റ് മത്സരം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞ് ഘാന പാർലമെന്റിനെ അഭിസംബോധന ചെയ്യും. തുടർന്ന് അദ്ദേഹം അക്രയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. ഘാനയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയ അക്രയിലെ എൻക്രുമ സ്മാരകവും നരേന്ദ്രമോദി സന്ദർശിക്കും. ഇന്നലെ ഘാനയിലെത്തിയ പ്രധാനമന്ത്രിയെ ഘാനയുടെ പരമോന്നത ബഹുമതിയായ

“കമ്പാനിയൻ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഘാന” നൽകി ആദരിച്ചു. പ്രസിഡന്റ് ജോൺ ഡ്രാമണി മഹാമയാണ് ബഹുമതി സമ്മാനിച്ചത്.

പഞ്ചരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും. പ്രസിഡന്റ് ക്രിസ്റ്റീൻ കാർല കംഗലൂ, പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ എന്നിവരുമായി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തും. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. പോർട്ട് ഓഫ് സ്പെയിനിൽ ഇന്ത്യൻ പ്രവാസി സമ്മേളനത്തിലും നരേന്ദ്രമോദി സംസാരിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ..........

...............(വോയ്സ് ..........)

എട്ടു ദിവസത്തെ യാത്രയിൽ അർജന്റീന, ബ്രസീൽ, നമീബിയ രാഷ്ട്രങ്ങളും പ്രധാനമന്ത്രി സന്ദർശിക്കും. നാളെ അർജന്റീനയിലെത്തുന്ന നരേന്ദ്രമോദി പ്രസിഡന്റ് മിലെയുമായി കൂടിക്കാഴ്ച നടത്തും. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, പുനരുപയോഗ ഊർജ്ജം, വ്യാപാരം, നിക്ഷേപം തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്യും. ലാറ്റിനമേരിക്കയിൽ ഇന്ത്യയുടെ പ്രധാന സാമ്പത്തിക പങ്കാളിയും, അടുത്ത സഹകാരിയുമാണ് അർജന്റീനയെന്ന് നരേന്ദ്രമോദി അറിയിച്ചു. 57 വർഷത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന അർജന്റീന സന്ദർശനമാണിത്.

ബ്രസീലിൽ ചേരുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും നരേന്ദ്രമോദി പങ്കെടുക്കും. ശനിയാഴ്ച റിയോ ഡി ജനീറയിലെത്തുന്ന അദ്ദേഹം ആഗോള ഭരണ പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ആശയങ്ങൾ കൈമാറും. തുടർന്ന് ഈ മാസം ഒമ്പതിന് നമീബിയിലെത്തുന്ന പ്രധാനമന്ത്രി നമീബിയൻ പ്രസിഡന്റുമായും ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

പാർലമെന്റ് വർഷകാല സമ്മേളനം ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെ ചേരും. ഗവണ്മെന്റിന്റെ നിർദ്ദേശം രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകരിച്ചതായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു. സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി ഓഗസ്റ്റ് 13നും 14നും സഭാസമ്മേളനം ഉണ്ടാവില്ലെന്ന് റിജിജു സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ആഗോള മയക്കുമരുന്ന് മാഫിയകളിലൊന്നിനെ തകർത്തതിന് നാർകോട്ടിക് കൺട്രോൾ ബ്യൂറോയെയും ഏജൻസികളെയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. മയക്കുമരുന്ന് മാഫിയകളെ തുടച്ചുനീക്കി രാജ്യത്തെ യുവതയെ സംരക്ഷിക്കാൻ ഗവൺമെന്റ് ദൃഢനിശ്ചയം ചെയ്തതായും അദ്ദേഹം എക്സിൽ കുറിച്ചു.

✪✪✪

കോട്ടയം, എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ വിവിധ ഗവൺമെന്റ് പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോട്ടയത്ത് അവലോകന യോഗം പുരോഗമിക്കുന്നു. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

കേരള സർവകലാശാലാ രജിസ്ട്രാർ ഡോ. K.S അനിൽകുമാറിനെ വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ സസ്പെന്റ് ചെയ്തത് ചട്ടവിരുദ്ധമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. രജിസ്ട്രാറെ നിയമിക്കുന്നത് സിൻഡിക്കേറ്റാണെന്നും, അച്ചടക്ക നടപടിയ്ക്ക് അധികാരം സിൻഡിക്കേറ്റിനാണെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് വ്യക്തമാക്കി. ഗവർണറോട് രജിസ്ട്രാർ അനാദരവ് കാണിച്ചു എന്ന ആരോപണം തെറ്റാണെന്നും ശിവൻകുട്ടി അറിയിച്ചു. വൈസ് ചാൻസലർ പദവിയുടെ അന്തസ്സ് കാത്തുസൂക്ഷിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

രജിസ്ട്രാറെ പിരിച്ച് വിട്ട കേരളാ സർവ്വകലാശാല വൈസ് ചാൻസലറുടെ നടപടി അധികാര ദുർവിനിയോഗമാണെന്ന് മന്ത്രി ഡോ R ബിന്ദു പറഞ്ഞു. VC ക്ക് രജിസ്ട്രാറെ പിരിച്ചുവിടാൻ കേരളാ സർവ്വകലാശാലയുടെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് സാധ്യമല്ലെന്ന് മന്ത്രി പത്തനംതിട്ടയിൽ മാധ്യമങ്ങളോട് പറഞ്ഞു. നിലവിൽ രജിസ്ട്രാർക്ക് ഔദ്യോഗിക ചുമതലകൾ വഹിക്കാൻ തടസമില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

തിരുവനന്തപുരം സെനറ്റ്ഹാൾ മത സംഘടനയ്ക്ക് പരിപാടി നടത്താൻ വിട്ടുകൊടുത്ത വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിലപാട് വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഗവർണറോട് ശക്തമായി പ്രതികരിക്കാൻ മുഖ്യമന്ത്രി തയ്യാറാകാത്തത് ശരിയായ നടപടിയല്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത്

മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ അപര്യാപ്തതയെക്കുറിച്ച് വെളിപ്പെടുത്തൽ നടത്തിയ ഡോക്ടർക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് തുനിഞ്ഞാൽ പ്രതിപക്ഷം ശക്തമായി പ്രതികരിക്കുമെന്നും VD സതീശൻ അറിയിച്ചു.

✪✪✪

ജാനകി V/S സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പേര് വിവാദത്തെ തുടർന്ന് സിനിമ കാണാൻ ഹൈക്കോടതി തീരുമാനിച്ചു. ഹർജി പരിഗണിക്കുന്ന ജസ്റ്റിസ് N.നാഗരേഷിനു മുന്നിൽ മറ്റന്നാൾ രാവിലെ സിനിമ പ്രദർശിപ്പിക്കും. അതിനുശേഷം ബുധനാഴ്ച ഹർജി വീണ്ടും പരിഗണിക്കാനാണ് ഹൈക്കോടതിയുടെ തീരുമാനം. സിനിമാ നിർമ്മാതാക്കൾ നൽകിയ ഹർജിയിലാണ് കോടതിയുടെ നടപടി.

✪✪✪

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പതിനാലാം വാർഡിലെ പഴയ കെട്ടിട ഭാഗം പൊളിഞ്ഞു വീണു. പൊലീസും അഗ്നിരക്ഷാ സേനയും സ്ഥലത്തെത്തി. ഉപേക്ഷിച്ച കെട്ടിടഭാഗമാണ് പൊളിഞ്ഞു വീണതെന്നും ഒരാൾക്ക് നിസാര പരിക്കേറ്റിട്ടുണ്ടെന്നും മന്ത്രി VN വാസവൻ മാധ്യമങ്ങളോട് പറഞ്ഞു. മന്ത്രി വീണാ ജോർജും സ്ഥലം സന്ദർശിച്ചു.

✪✪✪

ജമ്മു കശ്മീർ കിഷ്ത്വാർ ജില്ലയിൽ ഭീകരർക്കായി തെരച്ചിൽ പുനരാരംഭിച്ചു. വനപ്രദേശമായ ചത്രുവിൽ ഭീകരരും സുരക്ഷാ സേനയും തമ്മിൽ വെടിവയ്പ്പുണ്ടായി. തീവ്രവാദികളുടെ സാന്നിധ്യമുണ്ടെന്ന വിവരത്തെ തുടർന്ന് സൈന്യത്തിന്റെയും CRPFന്റെയും സഹായത്തോടെ പോലീസ് തിരച്ചിൽ നടത്തുമ്പോഴാണ് ഏറ്റുമുട്ടൽ ആരംഭിച്ചതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

✪✪✪

പാകിസ്ഥാനിലെ സിനിമാ - ക്രിക്കറ്റ് താരങ്ങളുടെ സാമൂഹിക മാധ്യമ അക്കൗണ്ടുകൾ കേന്ദ്രഗവൺമെന്റ് വീണ്ടും നിരോധിച്ചു. ഇന്ത്യാ വിരുദ്ധതയും, പ്രകോപനപരമായ ഉള്ളടക്കവും പ്രചരിപ്പിച്ചതിന് മെയ് മാസത്തിൽ പാക് യു ട്യൂബ് ചാനലുകൾക്കും സാമൂഹിക മാധ്യമ അക്കൗണ്ടുകൾക്കും ഗവൺമെന്റ് നിരോധനം ഏർപ്പെടുത്തിയിരുന്നു.

✪✪✪

അമേരിക്കയിൽ പഠനാവശ്യാർത്ഥം വിദ്യാർത്ഥികൾക്ക് ഇപ്പോൾ വിസയ്ക്ക് അപേക്ഷിക്കാമെന്ന് US അധികൃതർ അറിയിച്ചു. വിസ സംബന്ധിച്ച എല്ലാ

തീരുമാനങ്ങളും ദേശീയ സുരക്ഷയെ അടിസ്ഥാനമാക്കിയാണെന്നും പഠനാവശ്യങ്ങൾക്ക് മാത്രമേ വിദ്യാർത്ഥികൾ അവരുടെ വിസ ഉപയോഗിക്കാവൂ എന്നും അധികൃതർ നിർദേശം നൽകി.

✪✪✪

സംസ്ഥാന വനം വകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവം മന്ത്രി AK ശശീന്ദ്രൻ ഉച്ചകഴിഞ്ഞ് കോട്ടയം CMS കോളേജിൽ ഉദ്ഘാടനം ചെയ്യും. സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന ട്രീ ബാങ്കിംഗ് പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രി VN വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് 30 പുതിയ മ്യൂസിയം പദ്ധതികൾ നടപ്പാക്കിയതായി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ നാല് ഭാഷകളിൽ തയ്യാറാക്കിയ ഡിജിറ്റൽ ഗൈഡഡ് ടൂർ സംവിധാനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മ്യൂസിയങ്ങളെ അവലോകനം ചെയ്യാനും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാനും മ്യൂസിയം കമ്മീഷനെ നിയമിച്ചതായും മന്ത്രി പറഞ്ഞു. സമഗ്രമായ മ്യൂസിയം നയം ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും മന്ത്രി അറിയിച്ചു.

✪✪✪

തിരുവനന്തപുരം മെഡിക്കൽകോളജ് S.A.T ആശുപത്രിയിൽ പീഡിയാട്രിക് ഗാസ്ട്രോ എൻട്രോളജി വകുപ്പ് തുടങ്ങാൻ മന്ത്രിസഭായോഗം അനുമതി നൽകിയതായി മന്ത്രി വീണാജോർജ് അറിയിച്ചു. ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമായതായി മന്ത്രി ഫേസ്ബുക്കിൽ വ്യക്തമാക്കി.

✪✪✪

ആകാശവാണി തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളുടെ വാർത്താവിഭാഗം മേധാവിയായി, ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിലെ മുതിർന്ന ഉദ്യോഗസ്ഥ ലമി ജി നായർ ചുമതലയേറ്റു. 1993- ൽ ന്യൂഡൽഹിയിൽ രാജ്യരക്ഷാ മന്ത്രാലയത്തിന്റെ പ്രസിദ്ധീകരണമായ സൈനിക് സമാചാറിലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ഫീൽഡ് പബ്ലിസിറ്റി, പബ്ലിക്കേഷൻസ് ഡിവിഷൻ, ദൂരദർശൻ തുടങ്ങി വാർത്താവിതരണ

പ്രക്ഷേപണ മന്ത്രാലയത്തിന്റെ വിവിധ മാധ്യമ വിഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മാവേലിക്കര സ്വദേശിയാണ്.

✪✪✪

ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ- ഇംഗ്ലണ്ട് രണ്ടാം ടെസ്റ്റ് മത്സരം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് പുനരാരംഭിക്കും.

ഇന്നലെ ഇന്ത്യ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 310 റൺസെടുത്തിരുന്നു. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും, രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ.

✪✪✪

15-ാമത് ഹോക്കി ഇന്ത്യ സബ് ജൂനിയർ വനിതാ ദേശീയ ചാമ്പ്യൻഷിപ്പിന് റാഞ്ചിയിൽ ഇന്ന് തുടക്കമാകും. ഈ മാസം 14 വരെ നീളുന്ന ടൂർണമെന്റിൽ, പുതുതായി അവതരിപ്പിച്ച ഡിവിഷൻ അധിഷ്ഠിത ഫോർമാറ്റാണ് പിന്തുടരുക.

ഈ വർഷത്തെ പുരുഷ - വനിതാ ദേശീയ ചാമ്പ്യൻഷിപ്പിലാണ് പുതിയ ഫോർമാറ്റ് ആദ്യമായി നടപ്പാക്കിയത്. A,B,C എന്നീ മൂന്ന് വിഭാഗങ്ങളിലായി 28 ടീമുകളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്.

✪✪✪

തായ്‌ലന്റിൽ ചിയാങ്മായ് സ്റ്റേഡിയത്തിൽ A.F.C വനിതാ ഏഷ്യൻകപ്പ് യോഗ്യതാമത്സരത്തിൽ ഇന്ത്യ, ഇറാഖിനെ എതിരില്ലാത്ത അഞ്ചു ഗോളിന് തോൽപ്പിച്ചു. ഗ്രൂപ്പ് B യിൽ ഒൻപത് പോയിന്റുമായി ഇന്ത്യയാണ് മുന്നിൽ.

✪✪✪

അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ സീനിയർ പുരുഷ ദേശീയ ടീമിന്റെ മുഖ്യപരിശീലകനായ മനോളോ മാർക്വിസിന്റെ കരാർ അവസാനിപ്പിക്കാൻ തീരുമാനിച്ചു. പ്രസിഡണ്ട് കല്യാൺ ചൗബെയുടെ അധ്യക്ഷതയിൽ ചേർന്ന ഫെഡറേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗമാണ് തീരുമാനമെടുത്തത്. മുൻ ഇന്ത്യൻ ക്യാപ്റ്റൻ I.M.വിജയൻ അധ്യക്ഷനായ സാങ്കേതിക കമ്മിറ്റി പുതിയ പരിശീലകനെ നിയമിക്കാൻ ശുപാർശ ചെയ്തതിനെതുടർന്നാണിത്. പുതിയ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് പരസ്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

✪✪✪

പ്ലസ് വൺ ഒന്നാം സപ്ലിമെന്ററി അലോട്മെന്റ് ഫലം നാളെ പ്രസിദ്ധീകരിക്കും. ചൊവ്വാഴ്ച വരെയാണ് പ്രവേശനം. ബുധനാഴ്ച മുതൽ ഈ മാസം 11 വരെ രണ്ടാം സപ്ലിമെന്ററി അപേക്ഷകൾ സ്വീകരിക്കും.

✪✪✪

ദേശീയ ബിരുദ പ്രവേശന പരീക്ഷയുടെ ഫലം നാളെ പ്രസിദ്ധീകരിക്കുമെന്ന് ദേശീയ പരീക്ഷാ ഏജൻസി അറിയിച്ചു. ഉത്തരസൂചിക കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചിരുന്നു.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവം തൃക്കലശാട്ടോടെ നാളെ സമാപിക്കും. അത്തം ചതുശതം, വാളാട്ടം എന്നിവ ഇന്ന് നടത്തും. പിന്നീട് 11 മാസക്കാലം അക്കരെ കൊട്ടിയൂരിൽ പ്രവേശനം ഉണ്ടാവില്ല.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRT: നിമിഷ ജി*
*DEO : ഷീബ*

आकाशवाणी